# CHURCH VOICE

## CSI MATEER MEMORIAL CHURCH

Vol. 24 No. 06 Newsletter September, October 2026



"'എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതീസൂര്യൻ
തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും"
(മലാഖി 4:2)

# INDEPENDENCE DAY CELEBRATION AT MM CHURCH UNDER THE LEADERSHIP OF CEYF





## 50th WEDDING DAY



Mr. Immanuel Henry and Mrs. Kamala Henry
The marriage on 09-09-1976



Mr. John Victor T and Mrs. Ponmani Mohana
The marriage on 08-09-1976



MM Church members felicitated Sri. M. R. Baiju, MLA, Kattakkada



MM Church members felicitated Sri. C. P. John,
Transport Minster of Kerala and MLA, Trivandrum Central.

CHURCH VOICE

24th year of publication

SEPTEMBER, OCTOBER
2026

**ADDRESS**

The Chief Editor, Church Voice
M.M. Church, LMS
Compound, Trivandrum-33

Articles/Feedback
may be sent to

churchvoice@gmail.com
before 15th of every month

Church Voice can be
read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 9447059891**


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Morning Worship (Monday-Saturday) | 07.00am |
| | Online Morning Prayer (Monday-Saturday) | 05:00am |
| | Online Evening Prayer (Monday-Saturday) | 08:00pm |
| Sunday | Malayalam Service | 06:00am |
| | Tamil Service | 07.00am |
| | Malayalam Service | 08:30am |
| | English Service | 10:30am |
| | Malayalam Service | 04:15pm |
| | Sunday School | 10.30am |
| | Men's Fellowship | 10:30am |
| | Women's Fellowship | 10:30am |
| | Christian Endeavour Youth Fellowship | 11:30am |
| | BCL Union & JCF | 11.30am |
| | Choir Practice | 12.00noon |
| Monday | Bible Study | 05.00pm |
| | Vestry Prayer | 06.30pm |
| Tuesday | Circle Prayer | 06.30pm |
| Wednesday | Gospel Band Visit | 04:30pm |
| | Women's Fellowship | 04.30pm |
| Thursday | Senior Citizens' Fellowship | 04.30pm |
| | Worship & Witnessing Service | 06:15pm |
| Friday | Circle Prayer | 06:30pm |
| Saturday | Fasting Prayer (2nd Saturday) | 10:00am |
| | Guitar Class | 04:00pm |
| | Choir Practice | 05.00pm |
| | Young Family Fellowship | 05:30pm |

## CHURCH OFFICE

| | |
|---|---|
| Mr. Saju Stanley (Manager) | 9447470953 |
| Mr. Darwin D. L. (Accounts Clerk) | 9809748617 |
| Mr. Rajeev T. | 9895801012 |
| Mr. G. Wilson | 9447525339 |
| Mr. Anil Kumar | 9048361292 |

*“ഞാൻ നിങ്ങൾക്കു
വീണ്ടും അഭിവൃത്തി
വരുത്തുകയും
നീ അഭിവൃത്തി
പ്രാപിക്കയും
ചെയ്യും”
(യിരെമ്യാവ് 31:4)*





# പത്രാധിപക്കുറിപ്പ്

## ഇരുതോണിയിലെ യാത്ര

ഇരുമനസ്സും ഇരട്ട സ്വഭാവവുമുള്ളവർ അനേകരുണ്ട്. വിശ്വാസികൾക്കിടയിലും ഇത്തരക്കാർ കുറവല്ല. ദൈവാരാധനയും സാത്താൻ സേവയും ഒരുമിച്ച് നിലനിർത്താൻ പരിശ്രമിക്കുന്നവരാണവർ. ഇങ്ങനെയൊരു മദ്ധ്യമാർഗ യാത്ര ദുഷ്ക്കരമാണ്. ഇരുതോണിയിൽ കാൽ വച്ചുള്ള പ്രയാണം  അപകടകരമാണ്. പാപജീവിതം രഹസ്യമായി നയിക്കുകയും അതോടൊപ്പം പൊതുസമ്മതരായി പുറംമാന്യരായി ജീവിക്കുന്നതു ഉത്തമമല്ല. അന്തിയുറക്കത്തിന് മുൻപ് അല്പ്പം മദ്യപാനം. സ്വന്തം ജീവിതപങ്കാളി അറിയാതുള്ള പരസ്ത്രീ/പരപുരുഷ ബന്ധം. ഇതൊക്കെ എത്ര നാൾ രഹസ്യമായി സൂക്ഷിച്ചാലും ഒരു നാളിൽ സത്യം പുറത്തുവരും. ഇരുട്ടിൽ വസിച്ചിട്ടു സന്തോഷവും സമാധാനവും അനുഭവിക്കാൻ ശ്രമിച്ചാൽ നാം ജീവിതത്തെ നരകമാക്കും. **"മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; അവന്റെ നടപ്പൊക്കെയും അവൻ തൂക്കിനോക്കുന്നു.'' (സദൃശവാക്യങ്ങൾ 5:21).** പരസ്പര വിരുദ്ധങ്ങളായ സ്വഭാവവും പ്രവർത്തിയും ഒരുമിച്ച് കൊണ്ടുപോകാൻ ശമിക്കുന്നവർക്ക് ഇരുതോണിയിൽ കാൽ വയ്ക്കുന്നവരുടെ അനുഭവമാണുണ്ടാകുക.

### സമ്പൂർണ്ണ സമർപ്പണം

സാഹചര്യങ്ങൾക്ക് വഴങ്ങാതെ ക്രിസ്തു വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നവരാണ് ദൈവപക്ഷക്കാർ. സാഹചര്യങ്ങളുടെ നിറം സ്വീകരിക്കുന്ന ഓന്തിന്റെ സ്വഭാവം ക്രിസ്ത്യാനിക്ക് യോജിച്ചതല്ല. ചുറ്റുപാടുകളും മറ്റുള്ളവരുടെ അഭിപ്രായവുമാണോ നമ്മുടെ സ്വഭാവഗതിയെ നിയന്ത്രിക്കുന്നത്? ദൈവസംസർഗം ആഗ്രഹിക്കുകയും അതോടൊപ്പം പാപവഴിയിലെ രഹസ്യ ജീവിതം അനുഭവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നതിനാലാണ് പരിതാപകരമായ ഈ നില സംജാതമാകുന്നത്. **"രണ്ടു യജമാനന്മാരെ സേവിപ്പാൻ  ആർക്കും കഴികയില്ല" (മത്തായി 6:24)** എന്നു കർത്താവ് അരുളിചെയ്തതു നാം മറക്കാൻ പാടില്ല.

### അംഗീകാരം  ലഭിക്കാതിരുന്നാലും

എല്ലാവരും എപ്പോഴും നമ്മെക്കുറിച്ച് നല്ല അഭിപ്രായങ്ങൾ പറയണം എന്നു നാം ആഗ്രഹിക്കുന്നു. നിന്ദയോ പരിഹാസമോ ഉണ്ടായാൽ നാം തളർന്നുപോകുന്നു. പൊതുജന ശ്രദ്ധ ആകർഷിക്കുവാൻ സാധി

ക്കാത്ത സേവനത്തിനാണ് ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നതെങ്കിൽ ലേശംപോലും നാം നിരാശപ്പെടരുത്. ദൈവം തക്ക സമയത്ത് നമ്മെ ഉയർത്തും.

**ക്രിസ്തുവിന്റെ സാക്ഷികൾ**

കുഷ്ഠരോഗികളെ ശുശ്രൂഷിച്ച് അവരോടുകൂടെ ജീവിച്ച് മരിക്കുന്നതിന് ഫാദർ ഡാമിയൻ സ്വന്തം ജീവിതം സമർപ്പിച്ചു. ഇന്ന് ലോകം അദ്ദേഹത്തെ ആദരിക്കുന്നു. ആഫ്രിക്കയിലെ ഗ്രാമങ്ങളിൽ സേവനം ചെയ്താൽ പ്രശസ്തി നേടാമെന്ന് ആൽബർട് ഷ്വേറ്റ്സർ ചിന്തിച്ചില്ല. ലോകം അദ്ദേഹത്തെ അറിഞ്ഞു ബഹുമാനിച്ചു. കൽക്കട്ടയുടെ ചേരിപ്രദേശങ്ങളിലെ സാധുക്കളെ ശുശ്രൂഷിക്കുന്നത് സുഖജീവിതത്തെക്കാൾ അഭികാമ്യമാണെന്ന് കണ്ട മതർ തെരേസായെ ലോകം അംഗീകരിച്ചു ബഹുമാനിക്കുന്നു. നാം ചെയ്യുന്ന സേവനങ്ങൾക്കും ത്യാഗങ്ങൾക്കും അംഗീകാരം കിട്ടാതിരുന്നാൽ നാം നിരാശരായിത്തീർന്നേക്കാം. ഈ കെണിയിൽ നാം വീഴാൻ പാടില്ല. ദൈവം തക്കസമയത്ത് പ്രതിഫലം തരും നിശ്ചയം. ദൈവത്തിന്റെ കണ്ണിലും കണക്കിലും പെടാത്തത് ഒന്നുമില്ല. **"നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന് എന്നപോലെ മനസ്സോടെ ചെയ്വിൻ" (കൊലൊസ്യർ 3:23).**

***പത്രാധിപർ***

WECOME TO
MM CHURCH WARD CONVENTION

**EDAPAZHANJI WARD CONVENTION**

**at 6.00 pm on Sunday, 27-09-2026**
**at the residence premises of**

**Mr. MOHAN M. & Mrs. SUDHA MOHAN**
**9446905062, 9447332013**

Lemon Villa, VRA -98, Vettamukku, Thirumala, Trivandrum-695 006.

* Worship & Fellowship
* Spiritual Message
* Singing & Testimony
* Revival & Renewal

*Participate & Be Blessed*

# Reaching Out to Unreached Urban People

**SAM**

‘Reaching and winning the Urbanites’ is indeed a challenge of the modern times. **“Now as He (Jesus) drew near, He saw the city and wept over it, (Luke 19:41).**

## RURAL VS URBAN

The mission and evangelism initiatives of the 21st century City churches are most often directed to villages and the nearest urban areas in and around are easily forgotten and left out. If at all some work is done within the city, it is all too nominal. This is a serious concern which calls for our earnest introspection and urgent action. For convenience, even prominent evangelistic minded City Churches in urban settings are still focusing their attention on the rural people in the peripheries. **No doubt, the needs of the 'village ministry' arena should be met. But not at the cost of urban ministry which is tough with challenging encounters.** Urbanites consist of bureaucrats, administrators, politicians, professionals, corporate executives, educational experts, business tycoons, employees, skilled labourers, artists, scientists, media personnel and such others in special fields of activity who form the mission field for the City Churches.

## TASK SO TOUGH

For the past several centuries, even pioneering Christian ministries are targeting rural areas since the task of gospel communication to the rural folks seems comparatively easy. But, the challenges of urban evangelism are indeed tough and wanting. **It requires divine impartation from above.** We have to be fully convinced about our faith and know the reason for our faith. While fostering personal intimacy

with Christ, our lives should communicate our faith in word and in deed to those around.

## FAITH AND PRACTICE

Doctrines, statements and arguments will not suffice. Urban people are generally studied, knowledgeable, affluent, influential, potential and do not agree to anything presented to them, if not fully convincing. **They constantly verify our life in terms of our professed faith and practical ways of life.** As members of the urban community, we are duty bound to summarily own and address this demanding challenge to reach out to the urban population.

## CITY MISSION SLOW AND SLUGGISH

Contrary to village life, cities are adorned with high infrastructure, IT centres, shopping malls, educational institutions, Government offices, public establishments, multi- specialty hospitals, advanced transport facilities etc. These in-built services in urban areas draw large numbers of people to mushroom in cities where life gallops at a fleeting pace. Most people in cities lead a busy life with an unmatched hectic schedule. The rat race to maintain livelihood is remarkably visible and is writ large on the urbanite faces. **However, the Church is organically very slow in reaching out to the elite among the urban people.** Therefore, Mission and evangelism in the urban context is on the cross roads today. In this background, as urban Christians, we have a high calling and responsibility to the immediate circle in our living environment and in our workplace where the prevalent culture is both secular and pluralistic.

## PEOPLE OF OTHER FAITHS SIDELINED

Amidst compelling temporal preoccupations and complex lifestyle of the urban population, their devotion to the divine is found to be dwindling and declining. The core issue is that many people without hope lead unhappy lives and no guidance is imparted to them towards

eternal direction and destiny. Given the fact that City Church Workers in general are conditioned with a comfortable monthly income, they are callously satisfied in just shepherding the flock on their rolls. The compelling need for gospel outreach among the urban folks belonging to other faiths and religions are easily sidelined and forgotten. Their normal agenda does not cover this initiative of urban evangelization since it is a costly commitment. This complacent attitude of the City churches calls for serious introspection.

**Jesus said: "There are other sheep which belong to me that are not in this sheepfold. I must bring them, too; they will listen to my voice, and they will become one flock with one shepherd" (John 10:16).**

## MIGRATION FOR CAPITALIZING BENEFITS

Generally, Church membership grows in city Churches by constant migration from rural parishes. People from other faiths embracing Christ and joining a church can happen only if they are told of the uniqueness of Christ. The message has to be delivered through personal evangelism of the faithful Christians. **We keep our salvation to ourselves without sharing.** People from non-Christian faith backgrounds, having found salvation in Christ, getting baptized, joining a local Church is unheard of nowadays. Membership by migration in city churches is a popular trend solely aimed at capitalizing the facilities available in city congregations.

## LEAVE ARROGANCE AND BE COMPASSIONATE

It is true that we in the prevalent Church have failed to set a role model for others to follow. We do not possess Christ-like qualities for non-Christians to look up to. Divine grace, mercy, kindness and the passion of Christ are seldom transmitted in our lives. **Our words and deeds are miles apart.** We wish to be enshrined within the four walls

of our household and the Church. Our friendship and interaction with non-Christians are just name-sake. When occasion warrants, as far as possible, we wish to keep mum on questionable matters of our faith and practice.

## BE A FAITHFUL FOLLOWER OF CHRIST

We let our lives flow with the present current trends and do not try to swim across the current. Urban communities have great respect for Christ of the Bible, but they fail to find expressions of Christian values in the lives of the followers of Christ. Our inappropriate life testimony is the primary stumbling block. Our life has lost its appeal. **Urbanites can be won for Christ only by the practical demonstration of Christ-likeness in our lives.** Let us humbly turn to our Lord Jesus Christ to capture this vision of our mission in life.

## അധികാരത്തിന്റെ പേരിൽ വിശ്വാസികളെ തെരുവിലിറക്കുന്നവരും, ആശങ്കകൾക്കും ആകുലതകൾക്കും മദ്ധ്യേ ഇറങ്ങിവരുന്ന ദൈവവും

**ജോസഫ് ജെ.**

മുറിവേറ്റ ലോകത്തിന് ഒരു സൗഖ്യസ്പർശമായി നിൽക്കാൻ നിയോഗിക്കപ്പെട്ടവരാണ് വിശ്വാസ സമൂഹം. അവിടെയും ജീവനെ തകർക്കുന്ന സംവിധാനങ്ങൾ നിലനിൽക്കുന്നുയെന്നത് ഏറെ ലജ്ജാകരമാണ്. സ്വന്തം ഹൃദയത്തിന്റെ ആഗ്രഹങ്ങൾ ദൈവിക ആലോചനയായി അവതരിപ്പിച്ച് ധനസമ്പാദനം നടത്തുന്ന കപട ദൈവവേലക്കാർ പെരുകുന്ന കാലം. അധികാരത്തിന്റെയും പാരമ്പര്യത്തിന്റെയും സിംഹാസനത്തിന്റെയും പേരിൽ വിശ്വാസികൾ തെരുവിൽ ഏറ്റുമുട്ടുന്ന കാലം. **ഉള്ളിൽ ചെന്നായുടെ തന്ത്രവുമായി ആടിന്റെയും ഇടയന്റെയുമൊക്കെ വേഷം ധരിച്ചു നടക്കുന്ന ദുരുപദേശകർ പെരുകുന്ന കാലം.** ഇവരെല്ലാം തന്നെ ദൈവതേജസ്സിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ജീവനെ ഹനിക്കുന്നവരാണ്.

**ചേർത്തുനിർത്തുന്ന കർത്താവ്**

മാനവചരിത്രത്തിൽ പകരം വയ്ക്കാനില്ലാത്ത ദൈവത്തിന്റെ ഇടപെടലാണ് യേശുക്രിസ്തുവിന്റെ ജീവിതത്തിൽ നാം കാണുന്നത്. മനുഷ്യന്റെ പരിമിതികളിലേക്ക് ഇറങ്ങിവന്ന ദൈവത്തെയാണ് യേശു കർത്താവിലൂടെ നാം അനുഭവിച്ചറിയുന്നത്. മനുഷ്യജീവിതത്തിന്റെ എല്ലാ ആശങ്കകൾക്കും ആകുലതകൾക്കും യേശുവിൽ ഉത്തരമുണ്ട്. ബലഹീനരിലും ബന്ധിതരിലും പുറന്തള്ളപ്പെട്ടവരിലുമൊക്കെ പുത്തൻ പ്രതീക്ഷകളുണർത്തുന്ന കർത്താവിനെയാണ് തിരുവചനം പരിചയപ്പെടുത്തിതരുന്നത്. ജീവിതത്തിന്റെ മുഖ്യ ധാരയിലേക്ക് പ്രതീക്ഷയുടെ ഒരു തിരിവെട്ടം പോലും കാണാതെ തമസ്സിലേക്ക് ആണ്ടുപോയവരെ പ്രകാശത്തിന്റെ പ്രപഞ്ചത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നവനാണ് നമ്മുടെ കർത്താവ്. ബർത്തിമായിക്കു കർത്താവു നൽകുന്ന കാഴ്ച നമ്മെ പഠിപ്പിക്കുന്നതും അതു തന്നെയാണ്. **ഓരോ മനുഷ്യജീവിതവും വിലപ്പെട്ടതാണെന്നും അടിച്ചമർത്തപ്പെടേണ്ടതോ ആട്ടി ഓടിക്കപ്പെടേണ്ടതോ അല്ല എന്നും കുഷ്ഠരോഗികൾക്കു നൽകുന്ന സൗഖ്യത്തിലൂടെ കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നു.** സ്ത്രീകൾ പൊതുവെ അപമാനിക്കപ്പെടുന്ന ഒരു മത സാമൂഹിക പശ്ചാത്തലത്തിൽ കൂനിപ്പോയ രോഗിയായ സ്ത്രീയോട് ആരാധനാലയത്തിന്റെ നടുത്തളത്തിൽ നിവർന്നു നിൽക്കുവാൻ ആവശ്യപ്പെടുമ്പോൾ ദുർബലരും നിരാലംബരുമായവർക്ക് യേശു കർത്താവിലൂടെ ലഭിക്കുന്ന സ്വീകരണത്തെയും അംഗീകാരത്തെയുമാണ് തിരുവചനം നമ്മുടെ പരിഗണനയിൽ കൊണ്ടുവരുന്നത്.

# THE BEST THING TO GIVE

The best thing to give your enemy is **forgiveness**
The best thing to give opponent is **tolerance**
The best thing to give a friend is your **heart**
The best thing to give your child is a **good example**
The best thing to give to a father is **defence**
The best thing to give to your mother is **conduct**
The best thing to give to yourself is **respect**
The best thing to give to all men is **charity**

# POSSESSED BY POSSESSIONS

**M. I. Jacob**

## Caught In The Net

Do we have a desire to be released from this bondage? If we really long to be released from this bondage, the Holy Spirit will grant us the flashlight experience to grasp the truth and get freed from the dungeon of "possessed by possessions." What a great joy and peace will be ours when we are released from this trap! We have to let go of the things we are clinging to, as so dear to us.

I have read about a method for trapping monkeys. The natives make a hole in a log and put bait (food attached to a hook inside). The monkey reaches his hand to get the bait and his fingers hold on to the bait. Since the fingers are closed around it, he cannot get his fist back through the hole. But the monkey is determined not to leave the bait and holds on to it, even when captured. All he needs to get freed is to let go. But to let go was to him incomprehensible. His priorities would not permit it. So the monkey is destroyed by what he supposes he possesses. **The man who is possessed by possessions is like that silly monkey! Many people are caught in this net and clinging on to the bait which leads to destruction.** We have to get liberated from this tyranny of 'possessed by possessions', the sinful craving to amass wealth.

**"Money and possessions are of great importance when it comes to the person's real nature. Our approach to them is an exact index of our true character. If our fellowship with Christ suffers, we will manage our possessions unfaithfully."**

May the indwelling spirit of Christ enable us to get freed from this passion to possess.

*Youth Corner*

# THOSE WHO DON'T PRAY WIN TOO! HOW?

**How is that even after I pray well for my exams, I don't score well, but my friends don't pray at all but they score good marks? Why can't I? - Nancy**

Dear Nancy, There are two types of Grace.

**1. Universal Grace**

This grace is available to every one in the world equally. Did you ever note that the sun shines both on the righteous and the unrighteous; the rain pours on both the righteous and the unrighteous? God is a just God and He rewards whoever works hard and sincerely irrespective of whether he believes in God or not. That is why we see even the atheists and haters of God flourish on this earth.

**This grace of God is available to every one.** If an unbeliever works harder and sincere than a believer, the unbeliever stands the chance of getting more marks than the believer.

**2. Special Grace**

**This is the grace available to believers only due to their faith in the living God.** This grace starts operating when a believer reaches the end of his potential. When he has sincerely used his time and energy to his maximum capacity and done his best then the special grace of the Lord acts to make him do the extraordinary.

May God honour your hard work with this Special Grace and Success. Wish you all the best.

**A Loving Mother**

# FREE FOOD DISTRIBUTION AT RCC DURING JULY, AUGUST AND SEPTEMBER 2026



എല്ലാ വ്യാഴാഴ്ചയുമുള്ള ഈ വിതരണത്തിൽ സഹകരിക്കാനും സഹായിക്കാനും താല്പര്യമുള്ളവർ ബന്ധപ്പെടുക :

| | | |
|---|---|---|
| Jothi Sathianess | Adv. Roy Y.A. | Ceragil Austin Prince |
| +91 98951 87978 | +91 8089 296427 | +91 90378 19570 |

# വിവരം, വിവേകം, ജ്ഞാനം, പരിജ്ഞാനം

മാത്യു ഡാനിയേൽ

വിവേകം എന്ന വാക്കിന് ഇവിടെ സവിശേഷ പ്രസക്തിയുണ്ട്. ചെയ്യേണ്ടതും ചെയ്യരുതാത്തതും തിരിച്ചറിയാനുള്ള പ്രാപ്തിയാണത്. കേവലമായ അറിവുള്ളവന് വിവേകം ഉണ്ടാകണമെന്നില്ല. വേണ്ടത്ര പഠിപ്പില്ലാത്തവന് വിവേകം ഉണ്ടായെന്നിരിക്കും. അനുദിന ജീവിതത്തിലെ പ്രശ്നങ്ങൾ വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതും ജീവിതത്തിന്റെ വിവിധ തലങ്ങൾ ജ്ഞാനത്താൽ നയിക്കപ്പെടുന്നതുമാണ് പ്രധാനം.

പരമമായ ജ്ഞാനം എവിടെ നിന്നാണ് ലഭിക്കുക? വേദപുസ്തകത്തിൽ അതിന് വ്യക്തമായ ഉത്തരമുണ്ട്. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു (സദൃശവാക്യങ്ങൾ 1:7). **ജ്ഞാനതീർത്ഥത്തിലേക്കുള്ള യാത്ര സർവ്വേശ്വരനിൽ നിന്നും ആരംഭം കുറിക്കുന്നു എന്നർത്ഥം.** ദൈവത്തിലുള്ള ആശ്രയമാണ് ജ്ഞാനസമ്പാദനത്തിന് ആവശ്യമായ കാര്യം; അളവില്ലാതെ പകരുന്നത്. ശലോമോൻ വീണ്ടും ഓർമ്മിപ്പിക്കുന്നു; കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക. സ്വന്തം ബുദ്ധിയിൽ ആശ്രയിക്കരുത്. നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ. അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും. (സദൃശവാക്യം 3:5,6).

**മനുഷ്യനിലെ തിന്മ നിർമ്മാർജ്ജനം ചെയ്ത് നന്മ വളർത്തിയെടുക്കുകയാണ് ജ്ഞാനസമ്പാദനത്തിന്റെ ലക്ഷ്യം.** സദൃശവാക്യങ്ങൾ അവതരിപ്പിക്കുന്നത് പ്രായോഗിക ജീവിതത്തിൽ പാലിക്കേണ്ട ജ്ഞാനമാണ്. യുവാക്കളെയും അനുഭവജ്ഞാനം കുറഞ്ഞവരെയും മുൻപിൽ കണ്ടുകൊണ്ടാണ് സദൃശവാക്യങ്ങൾ രേഖപ്പെടുത്തുന്നതെന്ന് ആരംഭത്തിൽത്തന്നെ വെളിവാക്കുന്നുണ്ട്. വിദ്യാഭിവൃദ്ധിയിലൂടെ ജ്ഞാനം ആർജ്ജിച്ച് ജീവിതായോധനത്തിന്റെ വ്യത്യസ്തസാഹചര്യങ്ങളിൽ എപ്രകാരം വർത്തിക്കണമെന്ന് സദൃശവാക്യങ്ങളിലെ ജ്ഞാനസൂക്തങ്ങൾ ആവർത്തിച്ചു പറയുന്നു. ഇത് കേവലം ഒരു ദർശനമല്ല. പ്രായോഗിക ജീവിതത്തിലേക്ക് വിവർത്തനം ചെയ്യപ്പെടേണ്ട ഒന്നാണ്. അറിവ് ഇവിടെ തിരിച്ചറിവായി പരിണമിക്കുന്നു.

ഓരോ വ്യക്തിയും വ്യത്യസ്തമായ താലന്തുകളോടെയാണ് പിറക്കുക. അതുകൊണ്ടുതന്നെ ഒരാളെ മറ്റൊരാളോട് താരതമ്യ

പ്പെടുത്തി വിലയിരുത്തുന്നതിൽ അർത്ഥമില്ല. പക്ഷേ, പലപ്പോഴും അങ്ങനെചെയ്യുന്നവരാണ് മാതാപിതാക്കൾ. **ദൈവം കനിഞ്ഞ് നൽകിയിരിക്കുന്ന താലന്തുകൾക്ക് അനുസരിച്ച് പഠിക്കുക എന്നതാണ് പ്രധാനം.** പലപ്പോഴും നമ്മുടെ നാട്ടിലെ കുട്ടികൾക്ക് അതിനുള്ള അവസരം ലഭിക്കാറില്ല. തീരുമാനമെടുക്കുന്നത് മാതാപിതാക്കളുടെ അമിതപ്രതീക്ഷകളോ മിഥ്യാസങ്കല്പങ്ങളോ ആകാം. പഠനത്തിൽ സർഗ്ഗാത്മകതയുടെ അംശം കലരുമ്പോഴെ മനസ്സും ശരീരവും അതിൽ ലയിപ്പിക്കാനാകൂ.

വിദ്യാർത്ഥികളുടെ ശ്രദ്ധ പഠനത്തിൽ കേന്ദ്രീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. മാധ്യമങ്ങളും മറ്റും അതിന് വഴി തെളിക്കുകയും ചെയ്യുന്നു. ഉപഭോഗസംസ്കാരത്തിന്റെ ഭാഗമാകാൻ അവർ നിർബന്ധിതരാകുന്നു. **അചഞ്ചലമായ ദൈവാശ്രയത്തോടെ പഠിക്കുവാൻ പുതിയ തലമുറയെ മുൻതലമുറയേക്കാളേറെ ഓർമ്മിപ്പിക്കേണ്ടതുണ്ട്.** ഒപ്പം നിലവിലുള്ള വെല്ലുവിളികളെ അതിജീവിക്കുവാൻ അവർക്ക് കരുത്ത് പകരേണ്ടതാണ്. യാഥാർത്ഥ്യബോധത്തോടെയുള്ള പരിശ്രമങ്ങൾ ജ്ഞാനത്തിന്റെയും വിജ്ഞാനത്തിന്റെയും പാതയിൽ ചുവടുവെയ്ക്കുവാൻ പുതിയ തലമുറയെ പ്രാപ്തരാക്കും. നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ. അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും.

വിദ്യാഭ്യാസത്തിന് കണ്ണ് തെളിക്കുക എന്നാണ് നാട്ടുഭാഷയിൽ പറഞ്ഞിരിക്കുന്നത്. പുതിയൊരു കാഴ്ച വിദ്യാർത്ഥിയ്ക്ക് ലഭിക്കുന്നു. കാഴ്ച എന്ന പദത്തേക്കാൾ അർത്ഥവ്യക്തതയുള്ളത് ദർശനത്തിനാണ്. വഴിയരികിൽ തുറന്നുവെച്ച വീഡിയോ ക്യാമറപോലെയാണ് പലരും. വിശേഷിച്ച് കുട്ടികൾ. എന്തെല്ലാം കാഴ്ചകൾ ദൃഷ്ടിയിൽ പെടുന്നു. എന്നാൽ ദർശനം വ്യത്യസ്തമാണ്. കാഴ്ചകളിൽ നിന്ന് രൂപപ്പെടുന്ന സവിശേഷമായ കാഴ്ചപ്പാടാണ് ദർശനം. കണ്ടതിനെ ജീവിത ദർശനമാക്കി രൂപാന്തരപ്പെടുത്തുക എന്നതാണ്. അതിനെ നമുക്ക് ഉൾക്കാഴ്ചയെന്ന് വിളിക്കാം. കാണേണ്ടത് കാണാൻ കഴിയുന്നവനേ ഉൾക്കാഴ്ചയുണ്ടാകൂ. വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കേണ്ടത് ഉൾക്കാഴ്ചയാണ്. ഇതാണ് അറിവിൽ നിന്നും ജ്ഞാനത്തിലേക്കുള്ള യാത്ര. വിദ്യാലയങ്ങളിലേക്ക് പ്രതീക്ഷയോടെ ചുവടുവെയ്ക്കുന്ന കുരുന്നുകൾക്ക് ദൈവാനുഗ്രഹം പ്രാർത്ഥിക്കാം. അക്ഷരങ്ങളുടെയും അക്കങ്ങളുടെയും മേഖലയിൽ തുറക്കപ്പെടുന്ന ജാലകം വെളിച്ചത്തിലേക്കാവട്ടെ.

# നിയമസംവിധാനത്തെ കബളിപ്പിച്ച് എം. എം. ചർച്ചിൽ നടത്തിയ തിരഞ്ഞെടുപ്പ് പ്രഹസനം: വസ്തുതകൾ തിരിച്ചറിയുക

## സിനഡ് തള്ളിക്കളഞ്ഞ വോട്ടർ പട്ടിക

സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയിലെ വിവിധ സഭകളിൽ നിന്ന് വോട്ടർ പട്ടികയിൽ വ്യാപകമായ ക്രമക്കേടുണ്ട് എന്ന പരാതി ഉയർന്നതിനാൽ അത് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 2024 ഫെബ്രുവരി 10-ന് കന്യാകുമാരി ബിഷപ്പ് ആയിരുന്ന റൈറ്റ്. റവ. എ. ആർ. ചെല്ലയ്യയുടെ നേതൃത്വത്തിൽ ഒരു അന്വേഷണ കമ്മീഷനെ സിനഡ് നിയോഗിച്ചു.

എം. എം. ചർച്ചിന്റെ വിഷയത്തിൽ ഹിയറിങ് നടത്തിയ ദിവസം അന്നത്തെ പ്രെസ്ബിറ്റർഇൻചാർജ് ആയ റവ. പ്രിൻസ്റ്റൺ ബെൻ, സഹ വികാരിയായ റവ. ജയൻ എന്നിവർ എം. എം. സി. എസ്. ഐ. കത്തീഡ്രൽ എന്ന പേരിൽ പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയുമായി വന്നു. 2022 ഏപ്രിൽ മാസം റവ. ഡി. ജേക്കബ് പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയും അതിനു മുന്നേയുള്ള വോട്ടർ പട്ടികകളും എം. എം. ചർച്ച് അംഗങ്ങളും ഹാജരാക്കി. ഇതെല്ലം വിശദമായി പരിശോധിച്ച കമ്മീഷൻ റവ. പ്രിൻസ്റ്റൺ ബെൻ സമർപ്പിച്ച വോട്ടർ പട്ടിക തള്ളിക്കളയുകയും **റവ. ഡി. ജേക്കബ് പ്രസിദ്ധീകരിച്ച വോട്ടർ പട്ടിക അംഗീകരിക്കുകയും ചെയ്തു. മാത്രമല്ല എം. എം. ചർച്ചിന്റെ ബാങ്ക് അക്കൗണ്ടിൽ മാസവരി അടച്ചവരെ ഉൾപ്പെടുത്തി 2023–24, 2024–25 വോട്ടർ പട്ടിക തയ്യാറാക്കാനും ഉത്തരവിട്ടു.**

**ചെല്ലയ്യ കമ്മീഷന്റെ ഉത്തരവ് പ്രകാരം പ്രെസ്ബിറ്റർഇൻചാർജ് റവ. ഡി. ജേക്കബ് തയ്യാറാക്കിയ വോട്ടർ പട്ടിക ഉപയോഗിച്ചാണ് 2025 സെപ്റ്റംബർ 7-ന് സഭയിൽ തിരഞ്ഞെടുപ്പ് നടത്തിയത്. ഈ വോട്ടർ പട്ടിക സിനഡ് അംഗീകരിച്ച് അതിൽ നിന്ന് എം. എം. ചർച്ച് അംഗമായ ഡോ. ഷീല ഐറിൻ ജയന്തിയെ മഹായിടവക കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്തു.**

## നിയമസംവിധാനത്തെ തെറ്റിദ്ധരിപ്പിച്ച് വാങ്ങിയ വിധി

2025 ഓഗസ്റ്റിൽ എം. എം. ചർച്ച് അംഗമായ അലക്സാണ്ടർ മഹായി ടവകയുമായി ഒത്തുകളിച്ച് നമ്മുടെ സഭയിൽ തിരഞ്ഞെടുപ്പ് നടത്തണം എന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം മുൻസിഫ് കോടതിയിൽ ഒരു കേസ് നൽകി. **സിനഡ് നിയമിച്ച അന്വേഷണ കമ്മീഷൻ അസാധു എന്ന് പ്രഖ്യാപിച്ച വോട്ടർ പട്ടികയാണ് ഇദ്ദേഹം കേസിനൊപ്പം ഹാജരാക്കിയത്.**

## In Ever Loving Memory of





**P. Sundaram**
(Former Deacon of MM Church)

**Elsie Sundaram**

*Called to Eternal glory on*

**27-09-1970** **13-04-1964**

*Safe in the Arms of Jesus*

by, W/o Grandson, Late J. Jayaraj (Prof. Santha Kumari and Famiy)

## In Ever Loving Memory of





**Lalitha Claribel John (24)**
D/o Late P. Sundaram & Late Elsie Sundaram

**Lalitha Jane (73)**
D/o Late Lalitha Claribel John

*Called to Eternal glory on*

**01-06-1944** **07-04-2017**

*Safe in the Arms of Jesus*

by, Mrs. Jaya Raj (Prof. Santha Kumar) and family

# MM CHURCH - MUTTADA WARD CONVENTION 26-07-2026

At the Residential Campus of Er. Neil Joshua Jones

Convention Guest Speaker Mr. Manoj Kenneth



# Outreach Concert by CSI M M Church Choir at All Saints CSI Church, Pattazhi, Kollam



# CIRCLE PRAYER

## Residence of Dr. Roshan Dabiel (7th July 2026)









## Residence of Mr. Edward John (24th July 2026)













ഈ കേസിൽ എം. എം. ചർച്ചിലെ തിരഞ്ഞെടുപ്പ് ഓഫീസറായ അന്നത്തെ പുരോഹിതനെയോ സഭാ സെക്രട്ടറിയേയോ എതിർ കക്ഷികളായി ഉൾപ്പെടുത്തിയിരുന്നില്ല. മഹായിടവകയുടെ തിരഞ്ഞെടുപ്പ് കമ്മീഷനെയും ബിഷപ്ഇൻചാർജിനെയും മാത്രമാണ് എതിർകക്ഷികൾ ആക്കിയത്. എതിർകക്ഷികളും വാദിയെ പൂർണ്ണമായി പിന്തുണച്ചു. **കേസിൽ സമർപ്പിച്ച വോട്ടർ പട്ടിക സിനഡ് അസാധു എന്ന് പ്രഖ്യാപിച്ചതാണെന്ന് ബിഷപ്പും ഇലെക്ഷൻ കമ്മീഷനും കോടതിയെ അറിയിയിക്കാതെ ഒത്തുകളിച്ചു.** വാദിയും പ്രതിയും യോജിപ്പിൽ എത്തിയതിനെ തുടർന്ന് കോടതിയിൽ സമർപ്പിച്ച വോട്ടർ പട്ടിക ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്താൻ തിരുവനന്തപുരം മുൻസിഫ് കോടതി ഇടക്കാല ഉത്തരവ് നൽകി.

ഈ വിവരം അറിഞ്ഞ് എം. എം. ചർച്ച് അംഗങ്ങളായ മൂന്ന് പേർ കേസിൽ കക്ഷി ചേരുവാനായി അപേക്ഷ നൽകുകയും സി. എസ്. ഐ. സിനഡ് തന്നെ തള്ളിക്കളഞ്ഞ വോട്ടർ പട്ടിക വച്ച് തിരഞ്ഞെടുപ്പ് നടത്തനാണ് കോടതി ഇടക്കാല ഉത്തരവ് നൽകിയതെന്നതുൾപ്പടെയുള്ള വസ്തുതകൾ കോടതിയെ ധരിപ്പിക്കയും ചെയ്തു. വാദിയും പ്രതിയും ഒത്തുകളിച്ച് കോടതിയെ തെറ്റിദ്ധരിപ്പിച്ചു എന്ന് മനസ്സിലാക്കിയ ജഡ്ജി മുൻപ് നൽകിയ ഇടക്കാല ഉത്തരവ് 2025 സെപ്റ്റംബർ 11-ന് സ്വയം പിൻവലിച്ചു. എന്നാൽ കക്ഷി ചേരുവാനുള്ള അപേക്ഷയിൽ തീരുമാനം അന്ന് എടുത്തിരുന്നില്ല.

ഇതിനെതിരെ വാദിയായ അലക്സാണ്ടർ ബഹു. കേരളാ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ഒരു കോടതിക്ക് മുൻപ് നൽകിയ ഉത്തരവ് സ്വയം പിൻവലിക്കാൻ അധികാരം ഇല്ല, അതുകൊണ്ട് 2025 സെപ്റ്റംബർ 11-ന് പുറപ്പെടുവിച്ച വിധി റദ്ദ് ചെയ്യണം എന്നുള്ള സാങ്കേതികമായ കാര്യം മാത്രം ഉന്നയിച്ചാണ് ഹൈക്കോടതിയെ സമീപിച്ചത്. **എം. എം. ചർച്ചിൽ 2022 സെപ്റ്റംബർ 7-ന് തിരഞ്ഞെടുപ്പ് നടന്നു എന്നുള്ള വസ്തുത ഹൈക്കോടതിക്ക് മുന്നിൽ ബോധപൂർവ്വം മറച്ചുവച്ചു.** നിയമം പരിശോധിച്ച ഹൈക്കോടതി സാങ്കേതികമായ ആ കാര്യം അംഗീകരിക്കുകയും 2025 സെപ്റ്റംബർ 11-ലെ ഉത്തരവ് റദ്ദ് ചെയ്യുകയും കക്ഷി ചേരുന്നതിന് അപേക്ഷ നൽകിയവരെ കക്ഷികൾ ആക്കാനും, അവർക്ക് 2025 ഓഗസ്റ്റ് 21-ലെ ഇടക്കാല ഉത്തരവിനെതിരെ അപേക്ഷ സമർപ്പിക്കാമെന്നും അതിൽ മുൻസിഫ് കോടതിക്ക് നിയമപരമായ തീരുമാനം കൈക്കൊള്ളാമെന്നും 2026 ജൂലൈ 21-ന് കേരളാ ഹൈക്കോടതി ഉത്തരവിട്ടു. ഹൈക്കോടതിയുടെ ഉത്തരവിൽ ഒരിടത്തും നിശ്ചിത തീയതിക്കുള്ളിൽ എം. എം. ചർച്ചിലെ തിരഞ്ഞെടുപ്പ് നടത്തണം എന്ന് പറയുന്നില്ല. ആയതിനാൽ നിയമത്തിന്റെ

പഴുതുകൾ മാത്രം ഉപയോഗിച്ച് **കോടതിയെ തെറ്റുധരിപ്പിച്ചാണ് നിലവിലില്ലാത്ത ഒരു വോട്ടർ പട്ടിക ഉപയോഗിച്ച് 2026 ഓഗസ്റ്റ് 16-ന് തിരഞ്ഞെടുപ്പ് നടത്തിയത്.**

**തിരഞ്ഞെടുപ്പിൽ എന്തിന് ഒരു എതിർ പാനൽ?**

നിയമത്തെ കബളിപ്പിച്ച് 2026 ഓഗസ്റ്റ് 16-ന് നടത്തിയ തിരഞ്ഞെടുപ്പ് നിയമവിരുദ്ധമാണ്. അത് നമ്മൾ അംഗീകരിക്കുന്നില്ല. എന്നിരുന്നാലും തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ സഭയെ സ്നേഹിക്കുന്ന ഒരു കൂട്ടം വ്യക്തികൾ ഒരു പാനൽ ആയി നിന്നു. **ജയിക്കുകയാണെങ്കിൽ സഭയിലെ അനീതിയും അക്രമവും ഗുണ്ടകളെ എത്തിച്ച് ജനങ്ങളെ മർദിക്കുകയും ചെയ്യുന്ന നീചകാര്യങ്ങൾ അവസാനിപ്പിച്ച്, ആരാധനാ സ്വാതന്ത്ര്യവും സമാധാനവും മടക്കിക്കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് മഹായിടവക നിർത്തിയ പാനലിനെ തിരെ മത്സരിച്ചത്. 1200-ലധികം എം. എം. ചർച്ച് അംഗങ്ങളെ അകാരണമായി വെട്ടിനിരത്തി വോട്ടർ പട്ടിക പ്രസിദ്ധീകരക്കയും കോടതിയിൽ വസ്തുതകൾ മറച്ചുവയ്ക്കുകയും ചെയ്തവർ നീതി പൂർണമായ ഒരു തിരഞ്ഞെടുപ്പ് നടത്തില്ല എന്നത് നമുക്കറിയാം.**

**തിരഞ്ഞെടുപ്പ് എന്ന പ്രഹസനം**

ഇലക്ഷന് മുൻപ്, വോട്ട് എണ്ണുന്നതുൾപ്പടെയുള്ള കാര്യങ്ങൾ ചെയ്യുന്ന ടെല്ലർമാർ ആരൊക്കെ എന്ന് അറിയാൻ ഒരു സ്ഥാനാർഥി റവ. ആർ. എസ്. സുരേഷ് കുമാറിനെ സമീപിച്ചു. നിഷ്പക്ഷരായ എട്ട് പേരുടെ പേരുകൾ ബിഷപ്പിന് നൽകിയിട്ടുണ്ടെന്നും ഇതിൽ നിന്ന് ബിഷപ്പ് തിരഞ്ഞെടുക്കുന്നവരെ ടെല്ലർമാർ ആക്കുമെന്നുമാണ് റവ. ആർ. എസ്. സുരേഷ് കുമാർ നൽകിയ മറുപടി. **എന്നാൽ അദ്ദേഹം കണ്ടെത്തിയ 'നിഷ്പക്ഷരെ' കണ്ടപ്പോൾ ജനം അന്തം വിട്ടു. മഹായിടവക പിൻവാതി ലിലൂടെ ക്വയർ സെക്രട്ടറിയായി അവരോധിച്ച സുരേഷ് ദേവരാജൻ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം ബിജു ഇമ്മാനുവേൽ, എം. എം. ചർച്ച് ക്വയർ അംഗങ്ങളെ മഹായിടവക യുടെ നിർദ്ദേശം അനുസരിച്ച് തല്ലിച്ചതയ്ക്കാൻ മുന്നിൽ നിന്ന അഭിലാഷ് എന്നിവർ ആയിരുന്നു ടെല്ലർമാർ. പ്രൊഫ. ശശികല മാത്രമാണ് നിഷ്പക്ഷയായ ഒരു ടെല്ലർ ആയി ഉണ്ടായിരുന്നത്. ചുരുക്കം പറഞ്ഞാൽ നാല് പുരോഹിതന്മാർ ഉൾപ്പടെ, മഹായിടവക നിർത്തിയ പാനലിനെ പൂർണമായി അനുകൂലിക്കുന്ന ഏഴു പേരാണ് തിരഞ്ഞെടുപ്പിന് ചുക്കാൻ പിടിച്ചത്.**

**പൊളിയുന്ന വാദങ്ങൾ**

ജോൺസൻ ഹാളിൽ ആരാധനയ്ക്ക് പോയത് കൊണ്ടാണ് എം. എം. ചർച്ച് അംഗങ്ങളുടെ വോട്ട് വെട്ടിയത് എന്നാണ് പുരോഹിതന്മാർ ഉൾപ്പടെ പലരും പറഞ്ഞു നടക്കുന്നത്. എന്നാൽ ജോൺസൺ ഹാളിൽ ആരാധനയിൽ പങ്കെടുത്തത് 600 മുതിർന്നവർ മാത്രമാണ്. അതിൽ തന്നെ പലരും ചർച്ച് ഓഫീസിൽ മാസവരി അടച്ചിട്ടുള്ളവരും ആണ്. എന്നാൽ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടത് 1200-ലധികം അംഗങ്ങളാണ്. അതിൽ നിന്ന് തന്നെ മഹായിടവകയ്ക്ക് മേൽക്കൈ കിട്ടാൻ വേണ്ടി മാത്രമാണ് ഭൂരിഭാഗം അംഗങ്ങൾക്കും വോട്ട് നിഷേധിച്ചത് എന്ന് വ്യക്തമാണ്.

**ശക്തമായ നിയമപോരാട്ടം തുടരും!**

ഇപ്പോൾ നടത്തിയ തിരഞ്ഞെടുപ്പിന് മുന്നേ തന്നെ അതിനെ തിരെയുള്ള കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. **തിരഞ്ഞെടുപ്പ് സ്റ്റേ ചെയ്യാൻ എം. എം. ചർച്ച് അംഗങ്ങൾ തിരുവനന്തപുരം കോടതിയിൽ നൽകിയ കേസിൽ സഭാ ജനങ്ങൾക്ക് അനുകൂല വിധി വരുമെന്ന് മനസിലാക്കിയ മഹായിടവകയിലെ ചിലർ അവരുടെ സ്വാധീനം ഉപയോഗിച്ച് കോടതിയിൽ നിന്ന് കേസിന്റെ ഫയൽ മുക്കി.** ഇത്രയും ഹീനമായ പ്രവർത്തി ചെയ്തതിനെ തുടർന്ന് വാദികൾ കേരള ഹൈക്കോടതിയെ സമീപിക്കയും, ഫയൽ കാണാതായ സംഭവത്തിൽ മുൻസിഫിനോട് ഹൈക്കോടതി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. കേസുകളെല്ലാം ശക്തമായി മുന്നോട്ട് പോകുന്നു.

2025 സെപ്റ്റംബർ 7-ന് നടന്ന തിരഞ്ഞെടുപ്പ് റദ്ദ് ചെയ്ത അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരായുള്ള കേസുകളും നടക്കുന്നു. ഇതോടൊപ്പം 2022-ൽ എം. എം. ചർച്ചിനെ ആക്രമിച്ച് കത്തീഡ്രൽ ബോർഡ് വച്ചതുൾപ്പെടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട കേസുകളും മുന്നോട്ട് പോകുന്നു. തളർന്നു പോകാതെ, നമ്മുടെ നിയമപോരാട്ടം മുന്നോട്ട് കൊണ്ട് പോയാൽ നീതി ലഭിക്കും എന്നുള്ള കാര്യം കഴിഞ്ഞ ദിവസങ്ങളിൽ കോടതിയിൽ നിന്ന് വന്ന ചില വിധികൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

**പ്രാർത്ഥിക്കുക!**

എം. എം. ചർച്ചിലെ എല്ലാ കുടുംബങ്ങളും സഭയ്ക്ക് വേണ്ടി പ്രാർത്ഥിക്കുക. **നിയമസംവിധാനത്തെ കബളിപ്പിച്ച് മഹായിടവക നേടിയ വിജയം താൽക്കാലികം മാത്രമാണ്. നീതി ലഭിക്കും വരെ**

**നാം പ്രാർത്ഥനയോടെ പോരാടും.** ഇപ്പോഴത്തെ പ്രതിസന്ധിഘട്ടം മാറിപ്പോകും. മുമ്പത്തെപ്പോലെ എല്ലാവർക്കും സന്തോഷത്തോടെയും സമാധാനത്തോടെയും ആരാധനകൾക്കും സഭയുടെ മറ്റ് പ്രവർത്തന ങ്ങൾക്കും പങ്കെടുക്കാൻ കഴിയുന്ന നല്ല നാളുകൾ മടങ്ങി വരുകതന്നെ ചെയ്യും.

# WORSHIP THE TRIUNE GOD

**Daniel Wellington**

**"No one has ever seen God, But God the one and only one who is at the Father`s side has made him known"** (John 1:18)

Faith in Trinity is the paramount experience of Christian faith. A challenge is given here to praise God who is always living as a triune God a challenge to praise and worship God who is tune as omnipotent, omnipresent and omniscient. The English word Trinity has been framed out of two Latin words, "**Trinitas Unitas**", the word meaning is oneness of three. The word trinity can also be explained as the state of being three. Trinity is understood as a mystery. It may not be easy to explain or interpret by reason. Theophanous of Antioch has used a Greek word "**Trinitas**" to explain Trinity. Following this, the church fathers like Tertullian Althanasius and Augustin have tried to explain Trinity clearly. They have brought out these basic theories regarding the teaching of Trinity.

1. Trinity is only one God.
2. The Father, the Son and the Holy Spirit is God.
3. Though the Father, the Son and the Holy spirit are different personalities the uniting spirit within them is only one- that spirit is God . Therefore, in spirit they are one (Jn 4:24, 2 Cor 3:17).
4. Trinity is God`s nature of indivisible unity, thereof, it is said "There is one God."

## Trinity in the Old Testament

* In the creation story of the book of Genesis the word for God in Hebrew language is used in the plural form- Elohin. In Gen 1 :2,3 and Gen 1:26 the plural from is used.
* In the Old testament itself there are references to the Holy spirit and to the Son (Ezh 11:2, 42:1, 61:1, 53:1-5, Joel 2:28, Is 32:15, Ezh 36:26,27)

## Trinity in the New Testament

* John the Baptist preaches to believe in the Messiah. He emphasized in the baptism of the Holy spirit (Math 3:11)
* The angel Gabriel talks of the Holy spirit to Mary in his message (Luke 1:35)
* It is believed that the divine trinity is explicitly revealed at the time of the baptism of Jesus (Math 3:16,17). The Son was taking baptism, the Father was speaking from heaven and the Holy spirit came down from above.
* It is revealed in the teaching of Jesus (Jn 14 :7-9,16) God the father sent the son, God the son sent the Holy Spirit.
* It is found in the great commandment of Jesus (Math 28 :18-20)
* In the teaching of the Apostles (Acts 2 :33, I Cor 12 :4-6, I Per 1:2)
* In the Trinitarian benediction of the church (2 Cor 13:14)
* It is expressed in the Nicene creed. In AD 375 this creed has been accepted as the faith confession of the Church under the leadership of Althanassius. Later on, preachers like John Calvin have reinterpreted the Trinitarian concept.

## MATEER MEMORIAL CSI CHURCH
## DOUBLE DIAMOND JUBILEE CELEBRATIONS

Medical Help is one of the 12 projects undertaken as part of the 120th Year (Double Diamond Jubilee) Celebrations of Mateer Memorial CSI Church.

As part of this initiative, following financial help were provided this month (September 2026)

1. Member of Malayinkeezh CSI Church : Rs. 10,000
2. Member of Anacode CSI Church : Rs. 10,000
3. Member of Thirupuram CSI Church : Rs. 10,000
4. Member of Karamkode CSI Church : Rs. 10,000

We sincerely thank all the members who supported this initiative.

Those who would like to contribute to this cause are requested to send your donations to the MMCCF bank account.

As a matter of policy, we will not share the personal details of beneficiaries on social media. Members who wish to know further details may contact Mr. L. J. Padmakumar (9895393794), Convenor, Medical Help Programme.

---

## MATEER MEMORIAL CSI CHURCH
## 120th YEAR CELEBRATIONS MARRIAGE HELP

Marriage Help is one of the 12 projects undertaken as part of the 120th Year (Double Diamond Jubilee) celebrations of Mateer Memorial CSI Church.

An aid of Rupees 50,000 was provided on 10th August 2026 to the bride's family, who are members of Madhavassery CSI Church, Maypuram District.

We sincerely thank the family who supported this initiative financially.

As a policy, we will not share the details of beneficiaries on social media. If any member would like to know the details, please contact Dr. Arthur Jacob, convenor of Marriage Help Programme.

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No. 468 | **Micheal Pappachan**<br>TC 19/627, South Road,<br>Mudavan Mugal, Poojapura P.O.<br>Died on 22-07-2026 |  |
| Family No. 1699 | **Eric Benjamin**<br>(C/o Fno-1239), Fern Vil, TC 12/241-1,<br>MRA 66, Mulavana, Trivandrum 695035<br>Died on 22-07-2026 |  |
| Family No. 1059 | **Dr. Robins ABR**<br>Jose Dale, TC 11/578, MBC 43, Museum-<br>Nanthencode Road, Trivandrum 695003<br>Died on 26-07-2026 |  |
| Family No. 2213 | **Sajan J S Frankvil**<br>TC 16/301, EVRA 463, Eswaravilasam<br>Road, Vazhuthacaud, Trivandrum 695014<br>Died on 29-07-2026 |  |
| Family No. 1220 | **Thankayyan A.**<br>Nisha Nivas, TC 14/1174, OVRA B33, Lenin<br>Nagar, Vazhuthacaud, Trivandrum 695014<br>Died on 22-08-2026 |  |
| Family No. 2306 | **Babu A.**<br>TC 14/679-1,NRA 72,<br>Nandavanam, Palayam, TVM-33<br>Died on 30-08-2026 |  |

| | | |
|---|---|---|
| Family No. 800 | **Morris NP**<br>TC 11/553-3,MBC 29, Museum Bains Compound, Trivandrum 695003<br>Died on 31-08-2026 |  |
| Family No. 204 | **Freeda Christopher**<br>Criss Villa, TC 4/2287, VH 144, Kowdiar West, Kuravankonam Trivandrum 695003<br>Died on 16-09-2026 |  |
| Family No. 1122 | **Molly George**<br>Lilly Lynne, TC 26/2150, Statue Road, Trivandrum 695001<br>Died on 17-09-2026 |  |

*"Blessed are the dead who die in the Lord from henceforth, 'Blessed indeed, says the spirit' that they may rest from their labours, for their deeds follow them! (Rev. 14:13)*

## അസൂയ വിട്ടൊഴിയുവിൻ

അസൂയപ്പെടുന്നവർ അവരറിയാതെതന്നെ അധപ്പതിച്ചു നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. യാക്കോബിന്റെ പത്തു മക്കൾ ജോസഫിനോട് അസൂയപ്പെട്ട് അവനെ കാട്ടുകുഴിയിൽ തള്ളിയിട്ടു, പിന്നീട് അടിമയാക്കി വിറ്റു. ദൈവം ജോസഫിനെ ഉയർത്തി. ഉപദ്രവിച്ച സഹോദരന്മാർ ജോസഫിന്റെ മുമ്പിൽ വണങ്ങേണ്ട ഒരു കാലമുണ്ടായി. ഹാബെലിനോട് അസൂയ തോന്നിയ കായേൻ സഹോദരനെ കൊന്നു. തൽഫലമായി കായേൻ ഉഴലുന്നവനായിത്തീർന്നു. ദാവീദിന്റെ ഉയർച്ചയിൽ അസൂയപ്പെട്ട ശൗൽ, ദാവീദിനെ കൊല്ലുവാൻ ശ്രമിച്ചു. പക്ഷെ ശൗൽതന്നെ നശിച്ചു.

# CROSSWORD PUZZLE - 27

Compiled by
**Premchand Johnson**



Nb: Questions are from both general knowledge and the Bible. Please whatsapp your answers to 9447018118 before 10th October.

**Down**

1. Mama eagles darling (6)
2. One in a million (4)7
3. Noah made the ark out of this wood(6)
4. Individual threads of hair(7)
7. Pre-lenin rulers(5)
8. One of davids advesaries (7)
10. Input for refinaries (5,3)
11. Trips around a planet(6)
13. Please respond to my invitation(4)
14. 1 King 18;42 "....and Elijah went upto the top of mount............." (5)
17. Groups of cattle(5)
18. Bucks and does(5)

**Across**

5. Evidence of freshly baked cakes(5)
6. Concentration gap(5)
7. The passenger ship that sank because of an iceberg(7)
9. High level circus gymnasts (7)
12. A kind of amusement park(9)
15. Angel's headwear(4)
16. Layout in advance(4)
19. Psalms 89:25' I will set my right hand over the.............(6)
20. Shiny paint like (6)

**Answers to Crossword 26:** 1) Frequency 2) Calf 3) Lightning 4) Valid 5) Chemical 6) Fulcrum 7) Joshua 8) Curios 9) Orangutan 10) Adios 10) Aroura 11) Harpist 12) Bleats 13) Dough 14) Agile 15) Sty 15) Shortest 16) Eden 17) Taipei 18) In spirit 19) Sterling

**WINNERS OF CROSSWORD 26 (Aug 26): Megha Sunil, Jeslin Tibinet, Sreelatha, Alex William Dukes, Dr. Rexy Charles.**

## BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Numbers 34-36 and Deuteronomy 1-7. These chapters outline God's final land distribution and laws for Israel while Moses delivers a retrospective review of their wilderness journey and exhorts the new generation to covenant obedience before entering Canaan. Kindly, read these ten chapters before attempting the quiz.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the English Standard Version (ESV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before October 10th through email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs You can also scan the QR code to go to the link.*

1. What form did the Israelites see, the day the Lord spoke to them at Horeb out of the fire?
2. Who was the father of Noah?
3. What should be written on the doorposts of houses?
4. What is the speciality of six of the forty eight towns to be given to Levites?
5. Whose people (descendants) live in Seir?
6. Who said, "They are right in all that they have spoken"?
7. Why will the Lord send hornets?
8. What was to be the western boundary of the Israelites at Canaan according to the Lord?
9. Which king dwelt in Heshbon?
10. Whose bed was made of iron and which was nine cubits length, and four cubits breadth?

***Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.***

*Please do go through the answers published every month, because I often value the submitted answers based on context rather than exactness.*

### The correct answers to the quiz from Numbers 24-33

1. 6,01,730 (26:51)
2. Balak to Balaam (24:11)
3. No vow of hers, no pledge by which she has bound herself shall stand. And the LORD will forgive her, because her father opposed her. (30:4,5)
4. Two male lambs a year old without blemish, and two tenths of an ephah of fine flour for a grain offering, mixed with oil, and its drink offering (28:9,10)
5. Eleazar (25:7)

6. The sons of Machir the son of Manasseh (32:39)
7. Zelophehad (27:1-11)
8. On the fifteenth day of the first month (33:3)
9. On the first day of the seventh month (29:1)
10. Twelve Thousand men (31:5)

List of people who had submitted the right answers to the quiz from Numbers 24-33

1. Nisha Sanalkumar
2. Meehal Godwin
3. Chandra John
4. Sujana Satish
5. Dr. S. Rexy Charles
6. J. Sumangala
7. Latha Job
8. Helen Saramma E. H.
9. J. Mershiha John
10. Anitha Kingsley
11. Nirmala Lal Jayakumar
12. Megha Sunil
13. Girly Rajesh John
14. Rajesh John Ross
15. Jeslin Tibinet
16. Soben S. L.
17. Reuben S. L.
18. Anie Reuben

List of people who submitted answers with mistake

1. Jolly David
2. Nesakumari Davidson
3. Dr. Arvind Gilbert J.
4. Dora Johnson
5. Gladis J.

**ചർച്ച് വോയിസ് – ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ**
**സെപ്റ്റംബർ 2026, സംഖ്യാപുസ്തകം 34–36, ആവർത്തനപുസ്തകം**

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. യഹോവ ഹോരേബിൽ വച്ച് തീയുടെ നടുവിൽനിന്നു യിസ്രായേൽ മക്കളോടു അരുളിച്ചെയ്തപ്പോൾ അവർ എന്തു രൂപമാണ് കണ്ടത്?
2. നോഹയുടെ പിതാവ്?
3. എന്താണ് വീട്ടിന്റെ കട്ടിളകളിൻമേൽ എഴുതേണ്ടത്?
4. ലേവ്യർക്കു കൊടുക്കുന്ന നാല്പത്തെട്ടു പട്ടണങ്ങളിൽ ആറെണ്ണത്തിന്റെ പ്രത്യേകത എന്താണ്?
5. ആരുടെ മക്കളാണ് സേയീരിൽ കുടിയിരിക്കുന്നത്?
6. അവർ പറഞ്ഞതു ഒക്കെയും നല്ലതു, എന്ന് പറഞ്ഞതാര്?
7. യഹോവ കടുന്നലിനെ അയക്കുന്നത് എന്തിനാണ്?
8. യിസ്രായേൽ മക്കൾക്കു കനാൻ ദേശത്തു പടിഞ്ഞാറെ അതിർ എന്തായിരിക്കേണം എന്നാണ് യഹോവ അരുളിചെയ്തത്?
9. ഹെശ്ബോനിൽ പാർത്തിരുന്ന രാജാവ് ആര്?
10. ആരുടെ മഞ്ചമാണ് ഇരിമ്പുകൊണ്ടുള്ളതും പുരുഷന്റെ കൈക്കു ഒമ്പതു മുഴം നീളവും നാലു മുഴം വീതിയും ഉണ്ടായിരുന്നതും?

# MM CHURCH JUNIOR CHOIR

എം. എം. ചർച്ച് ജൂനിയർ ക്വയറിന്റെ പ്രാക്ടീസ് പുനരാരംഭിച്ചു. എല്ലാ ഞായറാഴ്ചയും പ്രാക്ടീസ് ഉണ്ടായിരിക്കുന്നതാണ്. 10 മുതൽ 16 വയസ്സ് വരെ പ്രായം ഉള്ളവർക്ക് ജൂനിയർ ക്വയറിൽ ചേരാൻ അവസരമുണ്ട്.

പുതിയതായി ചേരാൻ താല്പര്യമുള്ളവർ താഴെ പറയുന്ന വ്യക്തികളെ ബന്ധപ്പെടുക

Mr. Rajeev Kumar R. R. (MM Church Choir Secretary)
Mob : 9995483930
Mr. Alan Frederick (Junior Choir Master, MM Church)
Mob : 7012953201



## CSI MATEER MEMORIAL CHURCH
## 24 HOURS FASTING PRAYER
(From 9 am on 8-8-26 To 9 am on 9-8-26)

നാം ഇന്നാളുകളിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിഘട്ടം മാറിപ്പോകാനും, നമ്മുടെ എം. എം. ചർച്ചിൽ സമാധാന അന്തരീക്ഷം മടങ്ങി വരുന്നതിനും, മുൻപിലത്തെപോലെ സഭാജനങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ ആരാധിക്കാൻ കഴിയേണ്ടതിനും, ദൈവഹിതം നിറവേറപ്പെടേണ്ടതിനുമായി ഒരു മനസ്സോടെ പ്രാർഥിക്കാനായി 24 മണിക്കൂർ ഉപവാസ പ്രാർത്ഥന Golf Links Hall ൽ 8–8–2026 രാവിലെ 9 മണി മുതൽ നടത്തപ്പെട്ടു.

വിവിധ സെഷനുകളിലായി ഗാനശുശ്രൂഷ, ദൈവവചന ധ്യാനം, സാക്ഷ്യം പങ്കുവയ്ക്കൽ, മധ്യസ്ഥ പ്രാർത്ഥന എന്നിവയിൽ നമ്മുടെ സഭാംഗങ്ങൾ സജീവമായി പങ്കെടുത്തു.

## MATEER MEMORIAL CSI CHURCH
## DOUBLE DIAMOND JUBILEE (120 YEARS) CELEBRATIONS
## OUTREACH CONCERT BY MM CHURCH CHOIR

As part of the **Double Diamond Jubilee Celebrations commemorating 120 years of the present church building**, the **CSIMM Church Choir** conducted an Outreach Concert on **20th September 2026 at All Saints CSI Church, Pattazhy, Kollam**, under the **CSI Kollam-Kottarakkara Diocese.**

The programme commenced with an **Opening Prayer by Rev. C. John, Presbyter-in-Charge of All Saints CSI Church, Pattazhy**. The gathering was warmly welcomed by **Sri. Mathews, Church Secretary, All Saints CSI Church, Pattazhy.**

The choir presented a beautiful selection of devotional and spiritual songs, creating an atmosphere of worship and fellowship. The choir was conducted by **Sri. Premchand Johnson**, MM Church Choir Master, and **Sri. Amarnath I. Paul.**

The programme was a meaningful expression of the MM Church Choir's ministry and provided an opportunity to share God's message through music while strengthening fellowship between the congregations.

The **Sermon** was delivered by **Dr. Christenson E. Sarasam**, Former Church Secretary, CSI MM Church. His message added spiritual depth and meaning to the occasion, inspiring the congregation through God's Word. The programme was also graced by the presence of **Dr. Samson Nessiah**, Former Church Secretary, CSI MM Church.

The programme concluded with a **Vote of Thanks** delivered by **Mr. Rajeev Kumar R. R.**, Secretary, MM Church Choir.

# OUTREACH CONCERT BY CSI M. M. CHURCH CHOIR AT ALL SAINTS CSI CHURCH, PATTAZHI, KOLLAM












# വേർപാടിന്റെ 7-ാം വർഷം

## 06-09-2026



## എൻ. കമലം

(റിട്ട. മാനേജർ, കെ.എ.പി. 3-ാം ബറ്റാലിയൻ)
'കാരുണ്യ', T.C. 4/2135 (1), NBRA G-14, മരപ്പാലം, പട്ടം, തിരുവനന്തപുരം

**ഒരിക്കലും മായാത്ത സ്നേഹസ്മരണകളോടെ,**

ഭർത്താവ് : സത്യൻ (പി. ശശി) (റിട്ട. എൽ.ഐ.സി.)
മക്കൾ: ബിജു സത്യൻ, സജു സത്യൻ
മരുമക്കൾ, ചെറുമക്കൾ

## MM CHURCH CHOIR SINGING SONGS -
## Marriage of Abhishekh & Abija, solemnized by
## Rev. Dr. L. E. Sahanam at Mt. Carmel Convention Centre on 15-07-2026





## M.M. CHURCH WOMEN'S FELLOWSHIP RETREAT (SEPT. 2 to 5)AT OOTTY













## M.M. CHURCH YOUNG FAMILY FELLOWSHIP RETREAT (AUGUST 26-29) AT EARCAUD

